# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2781 — 06.11.2019 ലെ മറുപടി

### പ്രളയത്തെത്തുടർന്നുള്ള പ്രധാന തോടുകളുടെ ശുചീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.എഫ്.തോമസ് | കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| എ) പ്രളയക്കെടുതികൾക്ക് ശേഷം കുട്ടനാട്, അപ്പർ കുട്ടനാട് പ്രദേശങ്ങളിൽ ഉണ്ടായിരിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് വേണ്ടിയുള്ള ആശ്വാസ നടപടികളിൽ പ്രധാന തോടുകളിലെ ചെളിയും, പോളയും നീക്കം ചെയ്യുന്നതിനുള്ള നടപടികളും ഉൾപ്പെടുത്തിയിട്ടുണ്ടോ;<br><br>ബി) തുടർച്ചയായി ഈ പ്രദേശങ്ങളിലുണ്ടാകുന്ന വെള്ളപ്പൊക്കത്തിനു കാരണം തോടുകളിലെയും, മറ്റു ജലാശയങ്ങളിലെയും ആഴം കുറഞ്ഞതാണെന്നുള്ള വിദഗ്ദ്ധാഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;<br><br>സി) എങ്കിൽ ഈ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദീകരിക്കുമോ? | എ) യും ബി) യും സി) യും<br>പ്രളയത്തിന് ശേഷം കുട്ടനാട്, അപ്പർ കുട്ടനാട് മേഖലകളിൽ ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് പ്രധാന തോടുകളിലെ ചെളിയും പോളയും മാറ്റി വൃത്തിയാക്കുന്ന പ്രവൃത്തികൾക്കായി ഇതിനകം 562.50 ലക്ഷം രൂപയുടെ സാങ്കേതിക അനുമതി ചീഫ് എഞ്ചിനീയർ നൽകി. കൂടാതെ കുട്ടനാടിന് സമാനമായ ഭൂപ്രകൃതിയുള്ള നെതർലന്റിൽ നടപ്പിലാക്കി വിജയിച്ച "നദികൾക്ക് ഒരിടം" മാതൃകയിലുള്ള പദ്ധതികൾ പ്രളയ പ്രതിരോധത്തിനായി കുട്ടനാട്ടിലും ആവിഷ്കരിക്കുവാൻ തീരുമാനിക്കുകയും വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനും പഠനത്തിനുമായി RKI ഫണ്ട് അനുവദിക്കുന്നതിനുള്ള വകുപ്പിന്റെ പ്രൊപ്പോസലിന് RKI ഉന്നതാധികാര സമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ